"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലമുള യു.പി.എസ്-ലെ എൽ.ജി (PT) ഹിന്ദി ടീച്ചറായ ശ്രീമതി അൽഫോൻസ പി.സി യുടെ നിയമനാംഗീകാരത്തിനായി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1479/2023/GEDN തീയതി,തിരുവനന്തപുരം, 23-02-2023

---

പരാമർശം:-
1. കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 21.06.2022 തീയതിലെ റിവിഷൻ അപ്പീൽ
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.02.2023 തീയതിയിലെ എഫ്3/4596/2022/ഡിജിഇ നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്

**ഉത്തരവ്**

കൊല്ലമുള യു.പി.എസ്-ലെ എൽ.ജി (PT) ഹിന്ദി ടീച്ചറായ ശ്രീമതി അൽഫോൻസ പി.സി യുടെ നിയമനാംഗീകാരത്തിനായി കോർപ്പറേറ്റ് മാനേജർ പരാമർശം 1 പ്രകാരം റിവിഷൻ അപ്പീൽ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2. യു.പി. സ്കൂൾ കൊല്ലമുളയിൽ നിന്നും 1/6/2017 ൽ പ്രൊമോഷനായി പോയ ശ്രീമതി മായാമാത്യുവിന്റെ ഒഴിവിൽ ശ്രീമതി അൽഫോൻസ പിസി യെ എൽ.ജി. (പിറ്റി) ഹിന്ദിയായി നിയമിച്ചു. റാന്നി ഉപജില്ലാ വിദ്യാഭാസ ഓഫീസറും, പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറും, പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറും, മാതൃഅധ്യാപികയായ ശ്രീമതി മായാ മാത്യുവിന്റെ സ്ഥാനക്കയറ്റം അംഗീകരിച്ചതിന്റെ പകർപ്പ് ഹാജരാക്കാത്തതിനാൽ ഒഴിവ് സ്ഥിരീകരിച്ചിട്ടില്ല എന്നതിനാലും, 3/6/2013 മുതൽ അധികം നിൽക്കുന്ന അധ്യാപകരെ എങ്ങനെ ക്രമീകരിച്ചു എന്ന് വ്യക്തമാക്കിയില്ല എന്ന

കാരണത്താലും ഈ നിയമനം നിരസിച്ചു. ഇതിനെതിരെയാണ് ഈ റിവിഷൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. ശ്രീമതി അൽഫോൺസ പി.സി യെ കൊല്ലമുള്ള യു.പി. സ്കൂളിൽ എൽ.ജി ഹിന്ദി (പാർട്ട് ടൈം) ആയിരുന്ന ശ്രീമതി.മായ മാത്യൂവിന്റെ സ്ഥാനകയറ്റ ഒഴിവിൽ 01-06-2017 മുതൽ നിയമിക്കുകയുണ്ടായി. എന്നാൽ ശ്രീമതി.മായ മാത്യൂവിന്റെ സ്ഥാനകയറ്റം അംഗീകരിക്കാത്തതിനാലും 15-07-2013 മുതൽ സ്കൂളിൽ അധികമായി നിലനിന്ന എൽ.പി എസ്.റ്റി യുടെ ലീൻ ക്രമപ്പെടുത്തിയിട്ടില്ലാത്തതിനാലും നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി. തുടർന്ന് നൽകിയ അപ്പീൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറും റിവിഷൻ അപ്പീൽ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ഇതേ കാരണത്താൽ നിരസിക്കുകയുണ്ടായി.

5. എന്നാൽ നിലവിൽ ശ്രീമതി.മായ മാത്യൂവിന്റെ സ്ഥാനകയറ്റം കട്ടപ്പന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 27-05-2022 ലെ സി/25648/22/കെ.ഡിസ് പ്രകാരം അംഗീകരിച്ചിട്ടുണ്ട് എന്നും അതിനാൽ ഒഴിവ് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട് എന്നും കൂടാതെ 2013-14 വർഷം അധികമായി നില നിന്ന എൽ.പി.എസ്.റ്റി യെ 31-05-2015 ൽ ശ്രീമതി.പി.ജെ തങ്കമ്മ (എൽ.പി.എസ്.ടി) സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ ക്രമീകരിച്ചതായും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീമതി.അൽഫോൺസ പി.സി യുടെ എൽ.ജി ഹിന്ദി (പാർട്ട്ടൈം) തസ്തികയിലെ 01-06-2017 മുതലുള്ള നിയമനം നിരസിക്കപ്പെടാൻ കാരണമായ തടസ്സങ്ങൾ നീങ്ങിയതായി കാണുന്നു.

6. മേൽ സാഹചര്യത്തിൽ ശ്രീമതി.അൽഫോൺസ പി.സി യുടെ എൽ.ജി ഹിന്ദി (പാർട്ട്ടൈം) തസ്തികയിലെ 01-06-2017 മുതലുള്ള നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ അംഗീകാര നൽകാനുള്ള നിർദ്ദേശം റാന്നി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, റാന്നി

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കാഞ്ഞിരപ്പള്ളി രൂപത, പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി - 686507

ഹെഡ്മാസ്റ്റർ, യു.പി സ്കൂൾ, കൊല്ലമുള

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
Date: 25-02-2023 09:50:03

സെക്ഷൻ ഓഫീസർ